**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 356** **13.12.2018-ൽ മറുപടിക്ക്**

**ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ. പി.കെ. ശശി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന വിനോദ സഞ്ചാരമേഖല ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് കൂടി ടൂറിസം കേന്ദ്രങ്ങൾ അനുഭവവേദ്യമാക്കുന്നതിനായി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിന് ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ബാരിയർ ഫ്രീ കേരള ടൂറിസം. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിലാണ് 14 ജില്ലകളിലായി ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 13 ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല നൽകിയിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടോയ് ലറ്റുകൾ, നടപ്പാതകൾ, റാമ്പുകൾ, വീൽ ചെയർ സൗകര്യം, ലിഫ്റ്റ് സൗകര്യം എന്നിവ ഈ പദ്ധതിയിൽ രൂപകൽപ്പന ചെയ്തിട്ടുണ്ട്.<br>കൂടാതെ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള " ഗ്രീൻ കാർപ്പറ്റ് " എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കു കൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനുള്ള സാധ്യത കൂടി പരിഗണിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെത്തുന്ന ടൂറിസ്റ്റുകളിൽ വിവിധ | ബി) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളിൽ വിവിധ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും വയോജന |

ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും വയോജനങ്ങൾക്കും പ്രയോജനകരമായ 'ബാരിയർ ഫ്രീ കേരള ടൂറിസം' പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

ങ്ങൾക്കും പ്രയോജനപ്രദമാകുന്ന 'ബാരിയർ ഫ്രീ കേരള ടൂറിസം' എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷി ടൂറിസ്റ്റ് സൗഹൃദ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. ഭിന്നശേഷി സൗഹൃദ ടോയ് ലറ്റുകൾ, നടപ്പാതകൾ, റാമ്പുകൾ, വിശ്രമമുറികൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പഠനം നടത്തിയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതുൾപ്പെടെ ഭിന്നശേഷി സൗഹാർദ്ദം കൂടി ഉൾപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2018 ഡിസംബർ 3 അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിൽ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ 'ബാരിയർ ഫ്രീ കേരള ടൂറിസം' പദ്ധതി ഭിന്നശേഷിക്കാർക്കായി പ്രയോജനപ്പെടുത്തുവാൻ ഉതകുന്ന വിധത്തിൽ സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട്.

സി) ടൂറിസം മേഖലയിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ടൂറിസ്റ്റ് സുരക്ഷ സഹായക കേന്ദ്രങ്ങൾ രൂപീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സി) ടൂറിസ്റ്റ് സുരക്ഷാ സഹായക കേന്ദ്രങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ഒരു പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ വിനോദസഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിലവിലുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ, ആവശ്യമായ വെളിച്ചം, വൈദ്യുതി, നടപ്പാതകൾ, സുരക്ഷാവേലികൾ, സെക്യൂരിറ്റി ക്യാമറ എന്നിവ ടൂറിസം

കേന്ദ്രങ്ങളിൽ നടപ്പാക്കുന്നതിനുള്ള വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ കൂടുതൽ വിന്യസിക്കുന്നതിനായി ആഭ്യന്തര വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് ആവശ്യമായ എല്ലാവിധ ആധുനിക പരിശീലനവും സുരക്ഷയ്ക്കായുള്ള ഉപകരണങ്ങളും നൽകി വരുന്നുണ്ട്. ഭിന്നശേഷിക്കാരായ വിനോദ സഞ്ചാരികളുടെ സംരക്ഷണം മുൻനിർത്തി ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്ന തിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സ്വീകരിച്ചു വരുന്നു. ഇപ്പോൾ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആവശ്യമായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ്, ആഭ്യന്തര വകുപ്പ് കൂടാതെ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പ് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം ഒരു മുഖ്യ അജണ്ടയായി ഉൾക്കൊള്ളിച്ച് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഹൗസ് ബോട്ടുകളിലെ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ആലപ്പുഴ യിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം

റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകുന്ന വിധമാണ് അതോറിറ്റി രൂപീകരിക്കുക.

സെക്ഷൻ ഓഫീസർ